# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2702 14/12/2015 -ൽ മറുപടി നൽകിയിരുന്നത്

## ജലനിധി രണ്ടാം ഘട്ടത്തിലേക്ക് കൈമാറുന്ന ബൃഹദ് പദ്ധതികൾ

**ചോദ്യം**

ശ്രീ. എം.എ.ബേബി

(എ) വാട്ടർ അതോറിറ്റിയുടെ ഏതെല്ലാം ബൃഹദ് പദ്ധതികളാണ് ജലനിധി രണ്ടാം ഘട്ടത്തിലേക്ക് കൈമാറുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

**മറുപടി**

ശ്രീ. പി.ജെ.ജോസഫ്

(ജലവിഭവ വകുപ്പുമന്ത്രി)

(എ) കേരള വാട്ടർ അതോറിറ്റിയുടെ ബൃഹത് പദ്ധതികളൊന്നും തന്നെ ജലനിധിക്ക് കൈമാറുവാൻ ഉദ്ദേശിക്കുന്നില്ല. എന്നാൽ താഴെ പറയുന്ന ബൃഹത് പദ്ധതികളുടെ പൊതുഘടകങ്ങൾ ജലനിധിയുടെ പ്രോജക്റ്റ് ഫണ്ട് ഉപയോഗിച്ച് പുനരുദ്ധരിക്കുന്നതിനു വേണ്ട നടപടികൾ വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു.

1. മാള, അന്നമനട, പൊയ്യ, കുഴൂർ, വെള്ളാങ്കല്ലൂർ, പുത്തൻചിറ എന്നീ പഞ്ചായത്തുകൾക്കുള്ള മാള മൾട്ടി ജി.പി ബൃഹദ് പദ്ധതി.
2. ഊരകം, വേങ്ങര, പറപ്പൂർ മൾട്ടി ജി.പി ബൃഹദ് പദ്ധതി.
3. പെരുമണ്ണക്ലാരി, ഒഴൂർ, തെന്നല മൾട്ടി ജി.പി ബൃഹദ് പദ്ധതി.

ടി പദ്ധതികളുടെ ജലവിതരണ ശൃംഖലകൾ അതാതു പഞ്ചായത്തുകൾക്ക് കൈമാറുവാനാണ് വിഭാവനം ചെയ്തിരിക്കുന്നത്.

കൂടാതെ വാട്ടർ അതോറിറ്റിയുടെ ബൃഹത് പദ്ധതികളിൽ നിന്നും ബൾക്ക് വാട്ടർ മീറ്റർ ഘടിപ്പിച്ച് പഞ്ചായത്തിന് ശുദ്ധജലം നൽകുന്നതിനായി താഴെപറയുന്ന പഞ്ചായത്തുകളുടെ വിതരണ ശൃംഖല മുഴുവനായോ ഭാഗികമായോ അതാത് പഞ്ചായത്തുകൾക്ക് കൈമാറുവാൻ ജലനിധി രണ്ടാംഘട്ട പദ്ധതിപ്രകാരം വിഭാവനം ചെയ്തിരിക്കുന്നു.

1. റാന്നി പഞ്ചായത്ത്
2. അയ് മനം പഞ്ചായത്ത്
3. കടപ്ലാമറ്റം പഞ്ചായത്ത്

4. കുരോപ്പട പഞ്ചായത്ത്
5. കുറ്റിപ്പുറം പഞ്ചായത്ത്
6. ചോക്കാട് പഞ്ചായത്ത്
7. പൂതാടി പഞ്ചായത്ത്
8. പുൽപ്പള്ളി പഞ്ചായത്ത്
9. പനമരം പഞ്ചായത്ത്

(ബി) അവ ജലനിധിക്ക് കൈമാറിക്കഴിഞ്ഞാൽ അവയുടെ നടത്തിപ്പിൽ ഗ്രാമ പഞ്ചായത്തിന് നിയന്ത്രണം ഉണ്ടാകുമോ; അവയുടെ നടത്തിപ്പിനായി സംസ്ഥാന സർക്കാരോ പഞ്ചായത്തോ വാർഷിക ധനസഹായം നൽകുമോ;

(ബി) പദ്ധതിയുടെ പൊതുഘടകങ്ങളുടെ നിയന്ത്രണം വാട്ടർ അതോറിറ്റിക്ക് തന്നെയാണ്. വിതരണ ശൃംഖലയുടെ തുടർ പരിപാലനവും മേൽനോട്ടവും അതാത് സ്കീം ലെവൽ എക്സിക്യൂട്ടീവ് കമ്മിറ്റിക്കാണ്.

(സി) കൈമാറുന്ന പദ്ധതികളുടെ തുടർ പരിപാലനത്തിനാവശ്യമായ സാങ്കേതിക സഹായം നൽകുന്നത് ഏത് സ്ഥാപനമായിരിക്കും;

(സി) പദ്ധതി പൂർത്തീകരിച്ചുകഴിഞ്ഞാൽ വിതരണ ശൃംഖലയുടെ തുടർ പരിപാലനത്തിനുള്ള സാങ്കേതിക സഹായത്തിന് ഗുണഭോക്തൃ സമിതികൾക്ക് പുറമേനിന്നുള്ള സാങ്കേതിക വിദഗ്ധരുടെ സേവനം ലഭ്യമാക്കാവുന്നതാണ്.

(ഡി) ജലനിധി ഒന്നാംഘട്ടത്തിൽ പൂർത്തീകരിച്ച ചവറ-പൻമന പദ്ധതിയുടെ വാർഷിക പരിപാലന ചെലവ് എത്രയാണ്; വാട്ടർ ചാർജായി ഓരോ ഉപഭോക്താവിൽ നിന്നും ഈടാക്കുന്നത് എന്തു തുകയാണ്; പ്രസ്തുത പദ്ധതിയുടെ പരിപാലനത്തിനായി സംസ്ഥാന സർക്കാരും തദ്ദേശ സ്ഥാപനങ്ങളും ചെലവഴിച്ച തുക എത്രയാണ്?

(ഡി) ജലനിധി ഒന്നാംഘട്ടത്തിൽ പൂർത്തീകരിച്ച ചവറ-പൻമന പദ്ധതിയിൽ പന്മനയുടെ വാർഷിക പരിപാലന ചെലവ് 678140/- രൂപയും ചവറ ഗ്രാമ പഞ്ചായത്തിന്റെ വാർഷിക പരിപാലന ചെലവ് 881600 രൂപയുമാണ്. പന്മന ഗ്രാമപഞ്ചായത്തിൽ ഒരു മാസം 10 കി. ലി. വെള്ളം ഉപയോഗിക്കുന്നവരിൽ നിന്നും കി. ലിറ്ററിന് 5 രൂപ നിരക്കിലും, 10 കി.ലിറ്ററിനു മുകളിൽ 15 കി. ലിറ്റർ വരെ 7.5 രൂപ നിരക്കിലും, 15 കി.ലിറ്ററിനു മുകളിൽ 10 രൂപ നിരക്കിലുമാണ് വാട്ടർ ചാർജ്ജായി ഈടാക്കുന്നത്. ചവറ പഞ്ചായത്തിൽ നിന്നും വാട്ടർ ചാർജ്ജായി ഉപഭോക്താക്കളിൽ നിന്നും 10 കി. ലിറ്റർ വരെ വെള്ളം ഉപയോഗിക്കുന്നവർക്ക് മിനിമം 50 രൂപയും അതിൽ കൂടുതലായി ഉപയോഗിക്കുന്ന ഓരോ കി.ലിറ്ററിനും 5 രൂപ ക്രമത്തിലുമാണ് വെള്ളക്കരം ഈടാക്കുന്നത്. പൂർത്തീകരിച്ച

പദ്ധതികളുടെ പരിപാലന ചുമതല ബന്ധപ്പെട്ട ഗുണഭോക്തൃ സമിതികൾക്കായതിനാൽ ഈ ഇനത്തിൽ സംസ്ഥാന സർക്കാരോ തദ്ദേശ സ്ഥാപനങ്ങളോ യാതൊരു തുകയും ചെലവഴിച്ചിട്ടില്ല.

സെക്ഷൻ ഓഫീസർ

JSK/